**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** | **03-03-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഡിക്കൽ കോളേജിലെ ജോലിക്രമീകരണ വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയോഗിക്കപ്പെട്ട ഡോക്ടർമാരെ മറ്റ് ആശുപത്രികളിലേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ മാറ്റി നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുളള കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോന്നി മെഡിക്കൽ കോളേജിൽ ഫാർമക്കോളജി വിഭാഗത്തിൽ എൻ.എം.സി. മാനദണ്ഡപ്രകാരമുള്ള അധ്യാപകരുടെ അഭാവം നിലനിന്ന സാഹചര്യത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമക്കോളജി വിഭാഗത്തിലെ ഒരു അസിസ്റ്റൻറ് പ്രൊഫസറെ കോന്നിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ നിന്നുള്ള ഒരു അസിസ്ററൻറ് പ്രൊഫസറെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടമെന്റിന്റെ ഭാഗമായ State Pied Cell-ൽ ഉണ്ടായിരുന്ന അസിസ്റ്റൻറ് പ്രൊഫസർ ഹെൽത്ത് എഡ്യൂക്കേഷൻ, അസോസിയേറ്റ് പ്രൊഫസർ (സോഷ്യോളജി)എന്നിവയിലെ ഫാക്കൽറ്റികൾ വിരമിച്ച സാഹചര്യത്തിൽ PIED CELL പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുമുണ്ട്. |
| (ബി) | ഇപ്രകാരം ജോലിക്രമീകരണവ്യവസ്ഥയിൽ മാറ്റി നിയമിച്ചിട്ടുളളത് ആരെയൊക്കെയാണെന്നും ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇവരുടെ സേവനം നഷ്ടമാകുമ്പോൾ പകരം എന്ത് ക്രമീകരണമാണ് നടത്തിയിട്ടുളളത് എന്നും വ്യക്തമാക്കുമോ? | (ബി) | ഫാർമക്കോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ.സായിനാഥൻ.ആർ-നെയാണ് കോന്നി മെഡിക്കൽ കോളേജിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഫാർമക്കോളജി വിഭാഗത്തിൽ എൻ.എം.സി. മാനദണ്ഡപ്രകാരം നാല് അസിസ്റ്റൻറ് പ്രൊഫസർമാർ ആണ് ആവശ്യമുള്ളത്. എന്നാൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമക്കോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അനുവദനീയ എണ്ണം 8 ആണ് (Present strength:-5 Assistant Professors+1 Lecturer Trainee+One Assistant Professor, Who was on study leave will join 26.04.2025-1.Assistant Professor on |

| | | | |
|---|---|---|---|
| | | | Working Arrangement). ആയതിനാൽ ഡോ.സായിനാഥന്റെ ജോലിക്രമീകരണ നിയമനം ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമക്കോളജി വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതല്ല.<br><br>കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ബിലാൽ എസ്.ആർ-നെയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വർക്കിംഗ് അറേഞ്ച്മെൻറിൽ നിയമിച്ചിട്ടുള്ളത്. ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ ആകെയുള്ള 9 തസ്തികകളിൽ 8 തസ്തികകളിലും അദ്ധ്യാപകർ ഉണ്ട്. ആയതിനാൽ ടി നിയമനം ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ